എല്ലാ ജയിലുകളിലുമുള്ള ആദിവാസികൾക്കുവേണ്ടി ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, വയനാട് ജില്ലയിലെ രണ്ടു ജയിലുകളിലായി ആകെ 41 ആദിവാസികളെയാണ് പാർപ്പിച്ചിരിക്കുന്നത്. ആദിവാസി വിഭാഗത്തിൽപ്പെട്ട തടവുകാർ സാമൂഹികമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്നവരാണ്. കേസിന്റെ കാര്യങ്ങൾ നടത്താൻ പരിജ്ഞാനമില്ലാത്ത ഇവരെ സഹായിക്കുന്നതിന് ബന്ധുക്കളോ സുഹൃത്തുക്കളോ ആരുമില്ലാത്ത അവസ്ഥ നിലവിലുണ്ട്. പ്രസ്തുത തടവുകാരെ സഹായിക്കുന്നതിനായി ഈ രണ്ട് ജയിലുകളിലും കേരള ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ സൗജന്യ നിയമസഹായ ക്ലിനിക്കുകൾ പ്രവർത്തിക്കുന്നുണ്ട്. ഇവർ ആഴ്ചയിലൊരിക്കൽ ജയിലുകൾ സന്ദർശിച്ച് വേണ്ടുന്ന നിയമസഹായം അവർക്ക് ലഭ്യമാക്കാൻ ശ്രമിക്കുന്നുണ്ട്. പക്ഷെ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞതുപോലെ ജയിലുകളിൽ സീരിയസായ ഒഫെൻസിൽ കിടക്കുന്നവരാണ് ഇന്നുള്ളത്. അതുല്ലാതെ വിചാരണത്തടവുകാരായി ആരുമില്ലായെന്നാണ് ലഭ്യമായിട്ടുള്ള വിവരം. ഇന്നത്തെ പുതിയ നിയമപ്രകാരം ലഭിക്കുന്ന ശിക്ഷയുടെ പകുതി കാലാവധി കഴിഞ്ഞാൽ അവർക്ക് ജാമ്യം നൽകണമെന്നുണ്ട്. അങ്ങനെയുള്ള വ്യവസ്ഥയിൽപ്പെട്ട ഒരാളുമില്ലായെന്നാണ് എനിക്ക് കിട്ടിയിട്ടുള്ള റിപ്പോർട്ട്. ഏതായാലും അവരിൽ ആർക്കെങ്കിലും സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ ആനുകൂല്യം ലഭിക്കുന്നതിന് അർഹതയുണ്ടെങ്കിൽ ഗവൺമെന്റ് തന്നെ നിയമസഹായം കൊടുത്ത് അവർക്ക് പുറത്തുപോകുന്നതിനുള്ള സൗകര്യമുണ്ടാക്കുമെന്ന് പറയാനും ആഗ്രഹിക്കുന്നു.

(7) ജിനചന്ദ്ര സ്റ്റേഡിയത്തിന്റെ നിർമ്മാണം

ശ്രീ. എം. വി. ശ്രേയാംസ് കുമാർ : സർ, സംസ്ഥാനത്തെ കായിക മേഖലയിൽ വ്യക്തിമുദ്ര പതിപ്പിച്ച ഒരു ജില്ലയാണ് വയനാട്. അന്തർദ്ദേശീയ താരങ്ങളായ ജൈഷ, അബൂബേക്കർ, ഇബ്രാഹിം ചീനിക്ക മുതൽ ഇൻഡ്യൻ പ്രീമിയർ ഫുട്ബോൾ ചാമ്പ്യൻഷിപ്പിൽ കേരള ബ്ലാസ്റ്റേഴ്സിന്റെ ബൂട്ടണിയുന്ന ശ്രീ. സൂശാന്ത് മാത്യു അടക്കമുള്ളവർ വയനാട് ജില്ലയിലുള്ളവരാണ് എന്നു പറയുന്നതിൽ അഭിമാനമുണ്ട്. കേരളത്തിൽവച്ച് നടക്കുന്ന ദേശീയ ഗെയിംസിൽ പങ്കെടുക്കാൻ 9 പേരെയാണ് ആർച്ചറിയിൽനിന്ന് തെരഞ്ഞെടുത്തിട്ടുള്ളത്. അതുപോലെതന്നെ ഫെൻസിംഗിനും വയനാട്ടിൽനിന്ന് കായിക താരത്തെ തെരഞ്ഞെടുത്തിട്ടുണ്ട്. കായികരംഗത്ത് മികച്ച നേട്ടം നേടുമ്പോഴും വയനാട് ജില്ലയിൽ ഈ മേഖലയിൽ അടിസ്ഥാന സൗകര്യങ്ങളൊന്നുംതന്നെയില്ല

LIBRARY ARCHIVES Kerala Legislative Assembly

ആകെയുള്ളത് കേരള ക്രിക്കറ്റ് അസോസിയേഷന്റെ മനോഹരമായ സ്റ്റേഡിയം മാത്രമാണ്. മറ്റുള്ള കളികൾക്കൊന്നും അവിടെ ആവശ്യമായ സൗകര്യമില്ല. 1988-ൽ ശ്രീ. എം. ജെ. വിജയപത്മൻ 8 ഏക്കർ സ്ഥലം സ്പോർട്സ് കൗൺസിലിന് സൗജന്യമായി നൽകി. ജിനചന്ദ്ര മെമ്മോറിയൽ സ്റ്റേഡിയത്തിന് വേണ്ടിയാണ് അത് നൽകിയത്. 1988-ൽ സ്ഥലം നൽകിയിട്ട് ഇപ്പോൾ 26 വർഷമായി. ഇനിയും അതിന്റെ പ്രവർത്തനം തുടങ്ങാൻ നമുക്ക് സാധിച്ചിട്ടില്ല. 2009-10-ലെ ബഡ്ജറ്റിൽ ഇതിനുവേണ്ടി 108 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ആ തുക കേരള പോലീസ് ഹൗസിംഗ് ആന്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനെ ഏൽപ്പിക്കുകയും അവർ അതിന്റെ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. പ്രാഥമികമായ നിർമ്മാണ പ്രവർത്തനങ്ങളുടെ ഭാഗമായി ഗ്രൗണ്ട് ലവലിംഗ് പ്രവർത്തികൾ ആരംഭിച്ചുവെങ്കിലും നാളിതുവരെയായി അതിന്റെ 20 ശതമാനം പോലും പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല. അതിനുള്ള പ്രധാന കാരണം 2010-ലെ പി.ഡബ്ല്യു.ഡി. യുടെ എസ്.ഒ.ആർ. പ്രകാരം റിവൈസ്ഡ് എസ്റ്റിമേറ്റ് 6.65 കോടി രൂപയായി വർദ്ധിപ്പിക്കുന്നതിന് ഭരണാനുമതി ലഭിക്കാത്തതാണ്. ഇത് വളരെ കൂടുതൽ ചെലവ് വരുന്നതാണെന്നും ഇപ്പോൾ ചെയ്യേണ്ട പ്രവർത്തികളെക്കുറിച്ചുള്ള യഥാർത്ഥ കണക്കെടുപ്പ് നടത്തി റീ-ടെണ്ടർ ചെയ്യണമെന്നുമാണ് എടുത്തിട്ടുള്ള തീരുമാനം. ഇതുവരെയായിട്ടും ഇതിന്റെ പ്രവൃത്തികളൊന്നും മുന്നോട്ട് പോയിട്ടില്ല. വയനാട് ജില്ലയിൽ, പ്രത്യേകിച്ച് കൽപ്പറ്റ പോലുള്ള നഗരസഭയുള്ളിൽ 8 ഏക്കർ സ്ഥലം സൗജന്യമായി ലഭിച്ചിട്ടും ഇതുമാത്രമല്ല, വയനാട്ടിൽ സൗജന്യമായി സ്ഥലം കൊടുത്തിട്ടും അവിടെ തുടങ്ങേണ്ട പ്രവൃത്തികളൊന്നും തുടങ്ങാൻ സാധിക്കുന്നില്ല. ഇനിയും ഈ സ്റ്റേഡിയത്തിന്റെ പണി പൂർത്തീകരിച്ചില്ലെങ്കിൽ വയനാട് ജില്ലയിലെ കായിക പ്രേമികളോടും കായിക താരങ്ങളോടും ചെയ്യുന്ന വലിയ അവഗണനയും വഞ്ചനയുമായിരിക്കും. അതുകൊണ്ട് അടിയന്തരമായി അങ്ങ് ഈ കാര്യത്തിൽ മുൻകയ്യെടുത്ത് വയനാട് ജില്ലയിലെ കൽപ്പറ്റയിലെ ജിനചന്ദ്ര മെമ്മോറിയൽ സ്റ്റേഡിയം നിർമ്മിക്കുന്നതിനുവേണ്ടിയുള്ള ധനസഹായം നൽകി അതിനുവേണ്ടിയുള്ള പ്രവൃത്തി ആരംഭിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : സർ, ശ്രീ. എം. വി. ശ്രേയാംസ് കുമാർ പറഞ്ഞതിനോട് ഞാൻ യോജിക്കുകയാണ്. കുറേ നടപടികൾ സർക്കാർ എടുത്തിട്ടുണ്ട്. അത് അദ്ദേഹം വിശദീകരിച്ചതുകൊണ്ട് ഞാൻ ആവർത്തിക്കുന്നില്ല. ആ സ്റ്റേഡിയം പണി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ നിശ്ചയമായും എടുക്കുന്നതാണ്. കേരളാ പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ അവരുടെ കരാർ അവസാനിപ്പിക്കുന്നതിന്റെ ഭാഗമായി 41,73,114 രൂപയുടെ ഫൈനൽ ക്ലെയിം സ്പോർട്സ് കൗൺസിലിന് നൽകിയിട്ടുണ്ട്. ജിനചന്ദ്ര

LIBRARY ARCHIVES Kerala Legislative Assembly

സ്റ്റേഡിയം സന്ദർശിച്ച് മേൽപ്പടി നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി സംബന്ധിച്ച് വിശദമായൊരു റിപ്പോർട്ട് സമർപ്പിക്കാൻ കൗൺസിൽ സ്റ്റാന്റിംഗ് കമ്മിറ്റി അംഗം കൂടിയായ ശ്രീ. കെ. എസ്. ബാബുവിനെ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ ചുമതലപ്പെടുത്തിയിട്ടുണ്ട്. അതോടൊപ്പംതന്നെ ഇതുവരെ നടന്ന പ്രവൃത്തികളുടെ ക്രമക്കേടുകളെക്കുറിച്ച് അന്വേഷിക്കണമെന്ന് അദ്ദേഹം പറയുകയുണ്ടായി. അത് പരിശോധിക്കുന്നതാണ്. ഈ സ്റ്റേഡിയം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(8) കരിശടികൾ തകർക്കപ്പെട്ട സംഭവം

<u>ശ്രീ. മാത്യു റ്റി. തോമസ്</u> : സർ, തിരുവല്ല നിയോജകമണ്ഡലത്തിലെ കല്ലൂപ്പാറ പഞ്ചായത്തിൽ ഇന്നലെ പുലർച്ചെ ജനങ്ങൾ ഉണർന്ന് കണ്ടത് ആ പഞ്ചായത്തിലെ മൂന്ന് കുരിശടികൾ തകർക്കപ്പെട്ട നിലയിൽ കിടക്കുന്നതാണ്. എന്റെ മണ്ഡലത്തിന് തൊട്ടപ്പുറത്ത് നടന്ന സംഭവം ശ്രീ. കെ. ശിവദാസൻനായർ ഉന്നയിക്കുമെന്നുള്ളതുകൊണ്ട് അതിലേയ്ക്ക് ഞാൻ കടക്കുന്നില്ല. കല്ലൂപ്പാറ സെന്റ് ആന്റണീസ് മലങ്കര കത്തോലിക്ക പള്ളിയുടെ കല്ലൂപ്പാറ ചന്തയിലുണ്ടായിരുന്ന കുരിശടി, ചെങ്ങരൂർ സെന്റ് ജോർജ് മലങ്കര കത്തോലിക്ക പള്ളിയുടെ പുതുശ്ശേരി ജംഗ്ഷനിലുള്ള കുരിശടി, കടമാങ്കുളം സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളിയുടെ കടമാങ്കുളം ജംഗ്ഷനിലുള്ള കുരിശടി എന്നീ മൂന്നു കുരിശടികൾ കല്ലൂപ്പാറ പഞ്ചായത്തിൽതന്നെ സ്ഥിതിചെയ്യുന്നതാണ്. കുറച്ചുമാസങ്ങൾക്കുമുമ്പാണ് കല്ലൂപ്പാറ ദേവീക്ഷേത്രത്തിൽ തസ്കരന്മാർ ഇടിച്ചുകയറി അവിടെ താമസിച്ചിരുന്ന ഒരാളെ കൊലപ്പെടുത്തി കവർച്ച നടത്തിയത്. ഈ ഭാഗത്തെ ജനങ്ങൾ, ഒരു മതസമൂഹത്തിന്റെ പ്രശ്നമായിട്ടല്ല, സ്വൈരജീവിതം ആഗ്രഹിക്കുന്ന മുഴുവൻ ആളുകളും അങ്ങേയറ്റം ആശങ്കാകുലരാണ്. ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിക്ക് ആ പ്രദേശങ്ങൾ നന്നായി അറിയാവുന്നതാണ്. ഇതിൽ കുറ്റക്കാരെ കണ്ടെത്തി മാതൃകാപരമായി ശിക്ഷിക്കുവാൻ ഏറ്റവും ഫലപ്രദമായ സത്വര നടപടികൾ സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

<u>ശ്രീ. കെ. ശിവദാസൻ നായർ</u> : സർ, ഇവിടെ ശ്രീ. മാത്യു റ്റി. തോമസ് ഉന്നയിച്ച കുരിശടികൾ തകർത്ത അതേ ദിവസംതന്നെയാണ് എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട വള്ളംകുളത്ത് സെന്റ് മേരീസ് ഓർത്തഡോക്സ് ചർച്ചിന്റെ കുരിശടിയും സാമൂഹ്യവിരുദ്ധർ എറിഞ്ഞ് തകർക്കുകയുണ്ടായത്. ഇത് ഒരു മോഷണത്തിന്റെ ഭാഗമല്ല. സാമൂഹ്യവിരുദ്ധർ എറിഞ്ഞ് അതിന്റെ ചില്ലുകൾ മുഴുവൻ തകർക്കുകയാണ് ചെയ്തത്. ഇതിന്റെ പിന്നിൽ മനഃപൂർവ്വമായി അവിടെ സംഘർഷമോ സമുദായസ്പർദ്ധയോ ഒക്കെ ഉണ്ടാക്കുന്നതിനുവേണ്ടി ചില ശക്തികൾ ശ്രമിക്കുന്നുവെന്നാണ് ന്യായമായും സംശയിക്കേണ്ടത്. അതുകൊണ്ട് ഗൗരവമായി

LIBRARY ARCHIVES Kerala Legislative Assembly